# പ്രവാചക സ്നേഹം എങ്ങിനെ?

[ **Malayalam**]

# حب الن صلى ا عليه وسلم

[ باللغة مليالم ]


**സയ്യിദ് സഅ്ഫർ സ്വാദിഖ്**

**سيد سعفر صادق**

**എഡിറ്റർ: മുഹമ്മദ് കുട്ടി കടന്നമണ്ണ – മങ്കട**

**مراجعة: محمد كطي ابوبكر**



**കോപറേറ്റീവ് ഓഫീസ് ഫോർ കാൾ & ഗൈഡൻസ്**

**റബ്‌വ – റിയാദ് – സൗദി അറേബ്യ**

المكتتب التعاوني للدعوة وتوعية الجاليات بالربوة بمدينة الرياض-المملكة العربية السعودية

islamhouse.com

1429 – 2008

ഇസ്ലാം സമ്പൂർണമാണ്, അതിൽ യാതൊന്നും കൂട്ടി ചേർക്കുവാനോ, അതിൽ നിന്ന് എന്തെങ്കിലും കുറവ് വരുത്തുവാനോ ആർക്കും സാധ്യമല്ല. പ്രവാചകന്റെ മരണ സമയത്ത് ഏതെല്ലാം കാര്യങ്ങൾ മതമായിട്ടുണ്ടോ, അത് അവസാന നാൾ വരെ ഇസ്ലാമിക ശരീഅത്തിലുള്ളതാണ്, ആ സമയത്ത് ഏതെല്ലാം കാര്യങ്ങൾ ഇല്ലാതിരുന്നുവോ ആ കാര്യങ്ങൾ മുഴുവനും അവസാന നാൾവരെ അതിൽ ഉണ്ടായിക്കൂടാ. കാരണം ഇസ്ലാമിലെ നിയമ നിർമാണാധികാരം അല്ലാഹുവിനും, അവന്റെ നിർദ്ദേശ പ്രകാരം പ്രവാചകനുമാണ്. ആയതിനാൽ പ്രവാചകന്റെ വിയോഗത്തോടെ അതിന്റെ അവസരം നിലക്കുകയും ചെയ്തു. അല്ലാഹു പറയുന്നു.

(اليوم أكملت لكم دِينكم وأتممت عليكم ِنعمتي ورضِيت لكم الإِسلام دِينا) (ا ائدة:3 )

‘ഇന്ന് ഞാൻ നിങ്ങൾക്ക് നിങ്ങളുടെ മതം പൂർത്തിയാക്കി തന്നിരിക്കുന്നു. എന്റെ അനുഗ്രഹം നിങ്ങൾക്ക് ഞാൻ നിറവേറ്റിത്തരികയും ചെയ്തിരിക്കുന്നു. മതമായി ഇസ്ലാമിനെ ഞാൻ നിങ്ങൾക്ക് തൃപ്തിപ്പെട്ട് തന്നിരിക്കുന്നു.’ (മാഇദ:: 3)

സ്വർഗത്തിലേക്കടുപ്പിക്കുന്നതും, നരകത്തിൽ നിന്ന് അകറ്റുന്നതുമായ മുഴുവൻ കാര്യങ്ങളും പ്രവാചകൻ(സ) ജനങ്ങളെ പഠിപ്പിച്ചിട്ടുണ്ട്. ഒരു കാര്യവും ഒഴിവാക്കിയിട്ടില്ല, എല്ലാം പഠിപ്പിച്ച് തന്നിട്ടാണ് ഇഹലോകത്ത് നിന്നും അല്ലാഹു പ്രവാചകനെ തിരിച്ചുവിളിച്ചത്. തന്നിൽ ഏൽപിച്ച ഉത്തരവാദിത്വം പരിപൂർണമായി തന്നെ യാതൊരു ന്യൂനതയും കൂടാതെ തിരുമേനി(സ) നിർവ്വഹിക്കുകയുണ്ടായി. തന്റെ ഇരുപത്തിമൂന്ന് വർഷ പ്രവാചക ജീവിതത്തിൽ റസൂലുല്ലാഹ്(സ) എന്തെല്ലാം മതമായി തന്റെ അനുചരന്മാർക്ക് പഠിപ്പിച്ചുവോ, അത് മാത്രമെ പ്രവചാകനെ പിൻപറ്റുന്ന ഒരു മുസ്ലിം ചെയ്യുവാൻ പാടുള്ളൂ. തന്നിൽ ഏൽപിച്ച ഉത്തരവാദിത്വം പരിപൂർണമായി ചെയ്തതിനാൽ പ്രവാചകന്

ഇഹലോകത്തും, പരലോകത്തും വർണിക്കാൻ സാധിക്കാത്ത സ്ഥാനമാണ് അല്ലാഹു നൽകിയിട്ടുള്ളത്. അല്ലാഹു പറയുന്നു:

( ورفَعنا لَكَ ذِكْرَك) (الشرح:4)

‘നിനക്ക് നിന്റെ കീർത്തി നാം ഉയർത്തിത്തരുകയും ചെയ്തിരിക്കുന്നു’ (ശർഹ്:4)

പ്രവാചകൻ(സ)യുടെ പേര് പറയാത്ത നാടില്ല, അതുപോലെ തിരുമേനി(സ)യുടെ പേര് ഉച്ചരിക്കാത്ത നിർബ്ബന്ധമോ സുന്നത്തോ ആയ ഒരു നമസ്കാരവുമില്ല. മാത്രമല്ല ബാങ്കിലും, ഇഖാമത്തിലും പ്രവാചക (സ)ന്റെ പേര് പറയൽ അനിവാര്യമാണ്. പ്രവാചകന്റെ പേര് പറയുമ്പോൾ അദ്ദേഹത്തിന് വേണ്ടി സ്വലാത്ത് ചൊല്ലാത്ത പ്രദേശവുമില്ല. ഇത് ഏകദേശം 1400 വർഷമായി തുടർന്ന് കൊണ്ടിരിക്കുന്നു, അത് അവസാന നാൾ വരെ തുടർന്ന് കൊണ്ടേയിരിക്കും.

പരലോകത്തും പ്രവാചകന് എണ്ണിയാലൊടുങ്ങാത്ത സ്ഥാനമാണ്, ശ്രേഷ്ഠതയാണ് ഉള്ളത്. ജനങ്ങളെല്ലാം മഹ്ശറയിൽ ഒരുമിച്ച് കൂടുന്ന വേളയിൽ വിചാരണ ചെയ്യുവാൻ വേണ്ടി അല്ലാഹുവിന്റെയടുത്ത് പോയി അപേക്ഷിക്കുകയും, അല്ലാഹുവിന്റെ അനുമതിയോടെ ആ ശുപാർശ സ്വീകരിക്കുകയും ചെയ്യുന്നു, അതു പോലെ തിരുമേനിയെ മതപ്രമാണങ്ങൾ പഠിപ്പിച്ച രൂപത്തിൽ പിൻതുടർന്നവർക്ക് ഹൗളുൽകൗസറിൽ നിന്നുള്ള പാനീയം വിതരണം ചെയ്യുന്നതും, ആദ്യമായി സ്വർഗത്തിൽ പ്രവേശിക്കുന്നതും തുടങ്ങി നിരവധി സ്ഥാനങ്ങളാണ് അല്ലാഹു പ്രവാചകന് പരലോകത്ത് ഒരുക്കി വെച്ചിരിക്കുന്നത്. പ്രവാചകന്മാരിൽ ഏറ്റവും ശ്രേഷ്ഠനായ ആ മഹദ് വ്യക്തിയെ സ്നേഹിക്കൽ ഓരോ വിശ്വാസിയുടെയും നിർബ്ബന്ധ ബാധ്യതയാണ്.

## പ്രവാചകനെ സ്നേഹിക്കുക.

(قُلْ إِنْ كُنتم تحِبونَ الله فَاتِبعوني يحِببكُم الله ويغفِر لَكُم ذُنوبكُم والله غَفُور رحِيم) (آل عمران:31)

'(നബിയേ,) പറയുക: നിങ്ങള്‍ അല്ലാഹുവെ സ്നേഹി ക്കുന്നുണ്ടെങ്കില്‍ എന്നെ നിങ്ങള്‍ പിന്തുടരുക. എങ്കി ല്‍ അല്ലാഹു നിങ്ങളെ സ്നേഹിക്കുകയും നിങ്ങളുടെ പാപങ്ങള്‍ പൊറുത്തുതരികയും ചെയ്യുന്നതാണ്. അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധി യുമത്രെ' (ആലുഇംറാന്‍:31).

## സ്വന്തത്തേക്കാള്‍ സ്നേഹിക്കുക.

പ്രവാചകന്‍(സ)യെ ഏത് രൂപത്തിലാണ് സ്നേഹി ക്കേണ്ടത് എന്ന് ഖുര്‍ആന്‍ പറയുന്നു:

( قُلْ إِنْ كَانَ آبَاؤكُم وأَبناؤكُم وإِخوانكُم وأَزواجكُم وعشِيرتكُم وأَموالٌ اقْترفْتموها وتجارةٌ تخشونَ كَسادها ومساكِن ترضونها أَحب إِلَيكُم مِن اللهِ ورسولِهِ وجِهادٍ فِي سبِيلِهِ فَتربصوا حتى يأْتِي الله بِأَمرِهِ والله لا يهدِي الْقَوم الْفَاسِقِين ). (التوبة:24)

'(നബിയേ,) പറയുക: നിങ്ങളുടെ പിതാക്കളും, നിങ്ങളു ടെ പുത്രന്‍മാരും, നിങ്ങളുടെ സഹോദരങ്ങളും, നിങ്ങ ളുടെ ഇണകളും, നിങ്ങളുടെ ബന്ധുക്കളും, നിങ്ങള്‍ സമ്പാദിച്ചുണ്ടാക്കിയ സ്വത്തുക്കളും, മാന്ദ്യം നേരിടു മെന്ന് നിങ്ങള്‍ ഭയപ്പെടുന്ന കച്ചവടവും, നിങ്ങള്‍ തൃപ്തിപ്പെടുന്ന പാര്‍പ്പിടങ്ങളും നിങ്ങള്‍ക്ക് അല്ലാഹു വെക്കാളും അവന്റെ ദൂതനെക്കാളും അവന്റെ മാര്‍ഗ ത്തിലുള്ള സമരത്തെക്കാളും പ്രിയപ്പെട്ടതായിരുന്നാല്‍ അല്ലാഹു അവന്റെ കല്‍പന കൊണ്ടുവരുന്നത് വരെ നിങ്ങള്‍ കാത്തിരിക്കുക. അല്ലാഹു ധിക്കാരികളായ ജനങ്ങളെ നേര്‍വഴിയിലാക്കുന്നതല്ല' (തൗബ: 24).

## പ്രവാചകന്‍(സ) പറയുന്നു:

**(عن أنسٍ قَالَ: قَالَ النِبي صلى الله علَيهِ وسلم: لاَ يؤمِن أحدكُم حتى أكُونَ أحب إِليهِ مِن والِدِهِ وولَدِهِ والناس أجمعِ ) ( اري)**

അനസ്(റ)വിൽ നിന്ന്: പ്രവാചകൻ(സ) പറയുകയുണ്ടായി: 'തന്റെ മാതാപിതാക്കളെക്കാളും, സന്താനങ്ങളേക്കാളും, മുഴുവൻ ജനങ്ങളെക്കാളും എന്നെ നിങ്ങൾ ഇഷ്ടപ്പെടുന്നത് വരെ നിങ്ങളിൽ ആരും തന്നെ വിശ്വാസികളായി തീരുകയില്ല' (ബുഖാരി)

**(عبد اللهِ بن هِشامٍ قَالَ: كُنا مع النِبي صلى الله علَيهِ وسلم وهو آخِذٌ بِيـدِ عمر بن الْخطابِ فَقَالَ: له عمر يا رسولَ اللهِ لأَنت أحب إِلي مِن كُل شيءٍ إِلا مِن نفْسِي، فَقَال النِبي صلى الله علَيهِ وسلم لاَ والذِي نفْسِي بِيدِهِ حتـى أكُونَ أحب إِليك مِن نفْسِك فَقَالَ: له عمر فَإِنه الْآنَ واللهِ لأَنت أحب إِلي مِن نفْسِي فَقَالَ النِبي صلى الله علَيهِ وسلم الْآنَ يا عمرُ.... ) ( اري)**

അബ്ദുല്ലാഇബ്നു ഹിഷാം(റ)ൽ നിന്ന്, ഞങ്ങൾ പ്രവാചകൻ(സ)യുടെ കൂടെയായിരുന്നു, റസൂലുല്ലാഹ് (സ) ഉമറുബ്നുൽ ഖത്വാബ്(റ)ന്റെ കൈ പിടിച്ചിരിക്കുകയായിരുന്നു, ആ സമയത്ത് ഉമർ(റ) പ്രവാചകനോട് പറയുകയുണ്ടായി, 'പ്രവാചകരെ, എന്റെ ശരീരം കഴിഞ്ഞാൽ ഞാൻ ഏറ്റവുമധികം ഇഷ്ടപ്പെടുന്നത് താങ്കളെയാണ്, ' അപ്പോൾ തിരുമേനി(സ) പറയുകയുണ്ടായി: 'അല്ല, എന്റെ ആത്മാവ് ആരുടെ കയ്യിലാണോ അവൻ തന്നെയാണ് സത്യം! നിന്റെ ശരീരത്തേക്കാൾ എന്നെ ഇഷ്ടപ്പെടുന്നത് വരെ..., ' അപ്പോൾ ഉമർ(റ) പറയുകയുണ്ടായി: 'എന്നാൽ ഇപ്പോൾ അല്ലാഹു തന്നെയാണ് സത്യം! എന്റെ ശരീരത്തേക്കാൾ എനിക്ക് ഇഷ്ടം താങ്കളെയാണ്, ' തിരുമേനി(സ) മറുപടി നൽകി: 'ഉമറേ ഇപ്പോഴാണ്.......... ' (ബുഖാരി)

അപ്പോൾ സ്വന്തം ശരീരത്തേക്കാൾ നാം പ്രവാചകനെ സ്നേഹിക്കണം.

## എങ്ങിനെ സ്നേഹിക്കണം?

പ്രവാചകനെ സ്നേഹിക്കണമെന്നതിൽ ആർക്കും തന്നെ അഭിപ്രായ വ്യത്യാസമില്ല, പക്ഷേ, എങ്ങിനെയാണ് തിരുനബി(സ)യെ സ്നേഹിക്കേണ്ടത്, ഏത് കാര്യങ്ങൾ ചെയ്താലാണ് യഥാർത്ഥ പ്രവാചക സ്നേഹമായി തീരുകയെന്നത് ഓരോ വിശ്വാസിയും, വിശ്വാസിനിയും മനസിലാക്കേണ്ടതുണ്ട്. വിശുദ്ധ ഖുർആൻ പഠിപ്പിക്കുന്നത് നാം ശ്രദ്ധിക്കുക:

(قُلْ إِنْ كُنتم تحِبونَ الله فَاتِبعوني يحِببكُم الله ويغفِر لَكُم ذُنوبكُم والله غَفُور رحِيم) (آل عمران:31)

'(നബിയേ,) പറയുക: നിങ്ങൾ അല്ലാഹുവെ സ്നേഹിക്കുന്നുണ്ടെങ്കിൽ എന്നെ നിങ്ങൾ പിന്തുടരുക. എങ്കിൽ അല്ലാഹു നിങ്ങളെ സ്നേഹിക്കുകയും നിങ്ങളുടെ പാപങ്ങൾ പൊറുത്തുതരികയും ചെയ്യുന്നതാണ്. അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമത്രെ' (ആലുഇംറാൻ:31).

പ്രവാചകനെ സ്നേഹിക്കേണ്ട രൂപമാണ് മേൽ പറഞ്ഞ ആയത്ത് നമുക്ക് വരച്ച് കാണിച്ച് തരുന്നത്. അതായത് പ്രവാചക(സ)ന്റെ ചര്യകൾ യഥാർത്ഥ രൂപത്തിൽ ജീവിതത്തിൽ പകർത്തിക്കൊണ്ടാണ് പ്രവാചകനെ സ്നേഹിക്കേണ്ടത്. ഈ ആയത്ത് പ്രവാചകന്റെ പരിശുദ്ധമായ അധരങ്ങളിൽ നിന്ന് കേട്ട സ്വഹാബാക്കൾ പ്രവാചകനെ സ്നേഹിച്ചിട്ടുണ്ട്. എങ്ങിനെയാണ് അവർ മുത്ത്നബിയെ സ്നേഹിച്ചത്? പ്രവാചകന്റെ സുന്നത്തുകൾ യഥാവിധി ജീവിതത്തിൽ പകർത്തുകയും, തിരുനബി ഏതൊരു ആശയമാണോ സ്വഹാബാക്കാളെ പഠിപ്പിച്ചത് അത് സന്മനസ്സാലെ സ്വീകരിച്ച് കൊണ്ടായിരുന്നു. അതുപോലെ പ്രവാചകനും, പ്രവാചകൻ(സ) പഠിപ്പിച്ച ആശയത്തിനും വേണ്ടി സ്വന്തം ശരീരം വരെ ആഹുതി ചെയ്യുവാൻ പ്രവാചകാനുചരന്മാർ തയ്യാറായിരുന്നു, അങ്ങിനെയായിരുന്നു പ്രവാചകനെ അവർ സ്നേഹിച്ചത്. വിശുദ്ധ

ഖുർആനിലൂടെ അല്ലാഹു തൃപ്തിപ്പെട്ടിട്ടുണ്ടെന്ന് വിശേഷിപ്പിക്കപ്പെട്ട സ്വഹാബാക്കൾ സ്നേഹിച്ച പോലെയല്ലേ നാം തിരുനബിയെ സ്നേഹിക്കേണ്ടത്. ഏറ്റവും ഉത്തമരായ ജനങ്ങൾ സ്വഹാബാക്കളാണെന്ന് തിരുനബി (സ) തന്നെ പറഞ്ഞ സ്ഥിതിക്ക് നാം അവരുടെ മാർഗമല്ലേ പ്രവാചകനെ സ്നേഹിക്കുവാൻ തിരഞ്ഞെടുക്കേണ്ടത്?.

അമ്മാർ(റ), യാസിർ(റ), സുമയ്യ(റ), ബിലാൽ(റ), ഖബ്ബാബ്(റ) തുടങ്ങി പ്രവാചക(സ)ന്റെ മഹാന്മാരായ സ്വഹാബികൾ നിഷ്ഠൂരമായി പീഢിപ്പിക്കപ്പെട്ടതും, ഉപദ്രവിക്കപ്പെട്ടതും തൗഹീദ് സ്വീകരിച്ച് കൊണ്ട് പ്രവാചകനെ സ്നേഹിച്ചതിന്റെ പേരിലായിരുന്നില്ലേ?. അവരൊക്കെ പ്രവാചകന്റെ ചര്യയിലൂടെയാണ് ജീവിച്ചതും, മരിച്ചതും. പ്രവാചകൻ(സ) എന്തൊരു കാര്യം പറഞ്ഞുവോ, കൽപിച്ചുവോ അത് മനസാ വാചാ കർമണാ അവർ അംഗീകരിച്ചു, ജീവിതത്തിൽ പകർത്തി. ഇതുപോലെയാണ് ഓരോ വിശ്വാസിയും തിരുനബിയെ സ്നേഹിക്കേണ്ടത്. അതാണ് ഖുർആനും തിരുസുന്നത്തും നമ്മെ പഠിപ്പിക്കുന്നത്. ഖുർആൻ പറയുന്നു:

(وما آتاكُم  الرسولُ فَخذُوه وما نهاكُم عنه فَانتهوا ) (ا  شر:7)

‘നിങ്ങൾക്കു റസൂൽ നൽകിയതെന്തോ അത് നിങ്ങൾ സ്വീകരിക്കുക. എന്തൊന്നിൽ നിന്ന് അദ്ദേഹം നിങ്ങളെ വിലക്കിയോ അതിൽ നിന്ന് നിങ്ങൾ ഒഴിഞ്ഞ് നിൽക്കുകയും ചെയ്യുക’ (ഹശ്ർ: 7).

(فَالذِين آمنوا ِبهِ وعزروه ونصروه واتبعوا النور الذِي أُنزِلَ معه أُولَئِك هـم الْمفْلِحونَ) (الأعراف:157)

‘അപ്പോൾ അദ്ദേഹത്തിൽ വിശ്വസിക്കുകയും അദ്ദേഹത്തെ പിന്തുണക്കുകയും സഹായിക്കുകയും അദ്ദേഹത്തോടൊപ്പം അവതരിപ്പിക്കപ്പെട്ടിട്ടുള്ള ആ പ്രകാശത്തെ പിൻപറ്റുകയും ചെയ്തവരാരോ, അവർ തന്നെയാണ് വിജയികൾ’ (അഅ്റാഫ്:157).

## പ്രവാചക ജന്മദിനം.

ആധുനിക കാലത്ത് പ്രവാചകനെ സ്നേഹിക്കുവാനായി ചില സ്വാർത്ഥ താൽപര്യക്കാർ ഒരു പുതിയ മാർഗം കണ്ട് പിടിച്ചിരിക്കുകയാണ്. പ്രവാചകൻ(സ) ജനിച്ച ദിവസം, അല്ല, മാസം തന്നെ തിരഞ്ഞെടുത്ത് കൊണ്ട് ആർഭാടമായി ഒരു ഘോഷയാത്ര സംഘടിപ്പിക്കുകയും, സംഘമായി ഭക്ഷിക്കുകയും, തിമർത്താടുകയും ചെയ്യുന്ന ഒരു മാർഗം. ഇത് പ്രവാചകനോ, പ്രവാചകൻ(സ) ഉത്തമ നൂറ്റാണ്ടുകാരാണ് എന്ന് വിശേഷിപ്പിക്കപ്പെട്ട സ്വഹാബാക്കളോ കാണിച്ച് തന്നിട്ടില്ല. പ്രവാചകനെ സ്നേഹിക്കുകയെന്ന് പറഞ്ഞ് കൊണ്ട് റോഡിലൂടെ ജനങ്ങളെ ബുദ്ധിമുട്ടിപ്പിക്കുന്ന തരത്തിൽ പ്രകടനങ്ങളും, വാദ്യമേളങ്ങളും, മ്യൂസിക്കുകളും, സ്കൗട്ടുകളും, കട്ടൗട്ടുകളും, ആനകളും, അമ്പാരിയും, വെടിക്കെട്ടും, അഭ്യാസ പ്രകടനങ്ങളും തുടങ്ങിയവയുടെ അകമ്പടികളുമായി പ്രവാചകനെ സ്നേഹിക്കുന്നു, അതിന് മുന്നിൽ നിൽക്കുന്നത് സ്വയം പണ്ഡിതരാണെന്ന് അഭിമാനിക്കുന്ന പുരോഹിതന്മാരും, അവർക്ക് പിന്നിൽ നമസ്കാരമെന്തെന്ന് പോലുമറിയാത്ത, ജീവിതത്തിൽ പുണ്യകർമ്മങ്ങൾ ചെയ്യുകയോ, അതിന്വേണ്ടി പ്രവർത്തിക്കുകയോ ചെയ്യാത്തവരാണ് അധികവും അണിനിരക്കുന്നത്. വഴിയിൽ നിന്ന് തടസ്സങ്ങൾ നീക്കൽ വിശ്വാസത്തിന്റെ ഒരു ഭാഗമാണെന്ന് പഠിപ്പിച്ച പ്രവാചകന്റെ അനുയായികൾ തന്നെ, പ്രവാചക സ്നേഹമാണെന്ന പേരിൽ മണിക്കൂറുകളോളം വഴിതടസ്സപ്പെടുത്തുകയും, ജനങ്ങളെ ബുദ്ധിമുട്ടിക്കുകയും ചെയ്യുന്നത് ഒരു വിശ്വാസിക്ക് യോജിച്ചതാണോയെന്ന് ഓരോ മുസ്ലിമും ചിന്തിക്കുക. ഇസ്ലാം എല്ലാ തടസ്സങ്ങളെയും, ജീർണതകളെയും നിർമാർജനം ചെയ്യുവാനാണ് ലോകൈക നാഥനിൽ നിന്ന് അവതീർണമായത്. എന്നിട്ട് ഇസ്ലാമിന്റെ രക്ഷകരാണെന്ന് പറയുന്ന, അഭിനയിക്കുന്ന പുരോഹിതന്മാർ അതിനെ കാറ്റിൽ പറത്തുന്നത് എത്രമാത്രം നീതീകരിക്കാനാവും.

ലോകത്ത് ഏകദേശം ഒരു ലക്ഷത്തിൽ പരം പ്രവാചകന്മാർ വന്ന് പോയിട്ടുണ്ട്. ഇതിൽ ഏതെങ്കിലും പ്രവാചകന്റെ ജന്മദിനം ഇന്ന സമയത്താണ്, ദിവസമാണെന്ന് വ്യക്തമായി ഖുർആനിലോ, ഹദീസിലോ നമുക്ക് കാണാൻ സാധ്യമല്ല. അന്ത്യപ്രവാചകൻ ജനിച്ച ദിവസത്തിൽ പോലും പണ്ഡിതന്മാർക്കിടയിൽ, എന്തിനോറെ ശാഫിഈ മദ്അബിലെ പണ്ഡിതന്മാർക്കിടയിൽ പോലും അഭിപ്രായ വ്യത്യാസമുണ്ട്. വളരെ പുണ്യം നിറഞ്ഞ ഒരു ആഘോഷ ദിവസമാണ് പ്രവാചക ജന്മദിനമെങ്കിൽ എന്തേ ഖുർആനിലോ, ഹദീസിലോ അത് വ്യക്തമായി പറഞ്ഞില്ല. നാം ചിന്തിക്കേണ്ട വിഷയമല്ലേ ഇത്?. ലോകത്ത് കഴിഞ്ഞ് പോയിട്ടുള്ള മുഴുവൻ പ്രവാചകന്മാരും പ്രബോധനം ചെയ്ത കാര്യം എന്താണെന്ന് ഖുർആൻ വളരെ വ്യക്തമായി ആവർത്തിച്ച് വ്യക്തമാക്കുന്നുണ്ട്. ഖുർആൻ പറയുന്നു:

(وما أرسلنا مِن قَبلك مِن رسولٍ إلا نوحِي إليه أنه لا إله إلا أنا فَاعبدون) (الأنبياء:25)

'ഞാനല്ലാതെ യാതൊരു ദൈവവുമില്ല. അതിനാൽ എന്നെ നിങ്ങൾ ആരാധിക്കൂ എന്ന് ബോധനം നൽകിക്കൊണ്ടല്ലാതെ നിനക്ക് മുമ്പ് ഒരു ദൂതനെയും നാം അയച്ചിട്ടില്ല' (അൻബിയാ: 25).

കേരളത്തിൽ നിന്നും പ്രസിദ്ധീകരിക്കുന്ന ഒരു വാരികയിൽയിൽ പറയുന്നത് (നബിദിനം മുസ്ലീങ്ങൾക്ക് ആഘോഷമാണ്. പെരുന്നാളിനേക്കാൾ വലിയ ആഘോഷം: രിസാല: 1987 നവംബർ) പെരുന്നാളിനേക്കാൾ വലിയ ആഘോഷമാണെങ്കിൽ എന്തേ ആ ദിവസത്തെ സംബന്ധിച്ച് ഖുർആനിലോ, പ്രവാചകന്റെ ഹദീസിലോ പറഞ്ഞില്ല?. പ്രവാചകൻ(സ) നോമ്പിനെ സംബന്ധിച്ച് ചർച്ച ചെയ്തപ്പോൾ എന്ത്കൊണ്ടാണ് നിങ്ങൾ തിങ്കളാഴ്ച ദിവസം നോമ്പനുഷ്ഠിക്കുന്നത് എന്ന് ചോദിച്ചപ്പോൾ തിരുമേനി(സ) പറയുകയുണ്ടായി:

(وسئِلَ عن صوم يومِ الِاثْنين قَالَ ذَاكَ يوم ولدت ِفيه ويوم بعِثْت أو أنزِلَ علي ِفيه ...) (مسلم)

‘തിങ്കളാഴ്ചയിലെ നോമ്പിനെ സംബന്ധിച്ച് ചോദിക്കപ്പെട്ടു, അപ്പോള്‍ തിരുമേനി(സ) പറയുകയുണ്ടായി: ആ ദിവസമാണ് ഞാന്‍ ജനിച്ചത്, അതിലാണ് ഞാന്‍ നിയോഗിക്കപ്പെട്ടത് അതായത് എനിക്ക് വഹ്‌യ് ഇറങ്ങിയത്... ’ (മുസ്ലിം)

ഇവിടെ പ്രവാചകന്‍(സ) പറയുന്നത് ഞാന്‍ ജനിച്ചത് തിങ്കളാഴ്ചയാണ്, അതുപോലെ ഞാന്‍ നബിയായതും തിങ്കളാഴ്ചയാണ്, അത്കൊണ്ട് തന്നെ ആ ദിവസം അല്ലാഹുവിന് നന്ദി ചെയ്യുക എന്ന രൂപത്തില്‍ ഞാന്‍ നോമ്പനുഷ്ഠിക്കുന്നു. അപ്പോള്‍ പ്രവാചകനെ സ്നേഹിക്കുന്ന, പിന്‍പറ്റുന്ന മുസ്ലീങ്ങള്‍ തിങ്കളാഴ്ച നോമ്പനുഷ്ഠിക്കുന്നു. എന്നാല്‍ പ്രവാചകനെ ധിക്കരിക്കുന്ന, പ്രവാചക സ്നേഹത്തിന്റെ പേരില്‍ ജനങ്ങളെ ചൂഷണം ചെയ്ത കിശ വീര്‍പ്പിക്കുന്നവര്‍ ആ ദിവസം വയര്‍ നിറയെ തിന്നുകയും ചെയ്യുന്നു. അതുകൊണ്ട് സാധാരണ ജനങ്ങള്‍ ചിന്തിക്കേണ്ടത് നോമ്പനുഷ്ഠിക്കുന്നതിന് പകരം പ്രവാചകന്റെ കല്‍പന ധിക്കരിച്ച് കൊണ്ട് റോഡിലിറങ്ങി ഭക്ഷിക്കുന്നവര്‍ പ്രവാചകനെ യഥാര്‍ത്ഥ രൂപത്തില്‍ സ്നേഹിക്കുന്നവരാണോ എന്നാണ്.

പ്രവാചകനോ, സ്വഹാബാക്കളോ ഇങ്ങനെ പ്രവാചകന്റെ ജന്മദിനം കൊണ്ടാടിയിട്ടുണ്ടോ? തിരു നബി(സ) പ്രവാചകനായതിന് ശേഷം 23 വര്‍ഷം ജീവിച്ചു, അതില്‍ 22 റബിഉല്‍ അവ്വല്‍ കഴിഞ്ഞ് പോ യി, അബൂബക്കര്‍(റ) രണ്ടര വര്‍ഷവും, ഉമര്‍(റ) പത്തര വര്‍ഷവും, ഉസ്മാന്‍(റ) 12 വര്‍ഷവും, അലി(റ) ഏക ദേശം ആറ് വര്‍ഷവും ഇസ്ലാമിക ഖിലാഫത്ത് നടത്തുകയുണ്ടായി. ഈ മുപ്പത് വര്‍ഷങ്ങള്‍ക്കിടയില്‍ എത്ര റബിഉല്‍ അവ്വല്‍ കഴിഞ്ഞ് പോയി, അതുപോലെ പ്രവാചക മരണത്തിന് ശേഷം ഏകദേശം 48 വര്‍ഷം ആയിശാ

(റ) ജീവിച്ചു, ഉമ്മുസലമ(റ) 55 വർഷവും, ഉമ്മു ഹബീബ(റ) 34 വർഷവും, ഹഫ്സ(റ) 35 വർഷവും ജീവിച്ചു. ഇവരിൽ ആരെങ്കിലും പ്രവാചകന്റെ ജന്മ ദിനം കൊണ്ടാടിയിട്ടുണ്ടോ? എന്തിനേറെ നാല് മദ്ഹബുകളുടെ ഇമാമുകൾക്ക്പോലും ഇത് പരിചയമില്ല. ഇതിൽ നിന്നൊക്കെ നമുക്ക് മനസി ലാക്കുവാൻ കഴിയുന്നത് ഇത് ഒരു പുത്തനാചാരമാണ്, ഇസ്ലാമിന് പരിചയമില്ലാത്ത സംഗതിയാണ്, തള്ളപ്പെടേണ്ട ബിദ്അത്താണ് എന്നതാണ്. തിരുമേനി (സ)യിൽ നിന്ന് ആയിശാ(റ) ഉദ്ദരിക്കുന്നു:

(عن عِائشةَ رضِي الله عنها قَالَت قَالَ رسولُ اللهِ صلى الله علَيهِ وسلم ( من أحدثَ ِفي أمرنا هذَا ما لَيس ِفيِه فَهو رد ) (  اري )

‘നമ്മുടെ ഈ കാര്യത്തിൽ ആരെങ്കിലും പുതുതായി വല്ലതും ഉണ്ടാക്കിയാൽ അത് തള്ളപ്പെടേ ണ്ടതാണ്’ (ബുഖാരി).

അപ്പോൾ പ്രവാചകന്റെ ജന്മദിനം കൊണ്ടാടൽ പുതുതായി ഉണ്ടാക്കിയതാണ്. അത് തള്ളപ്പെടേണ്ട പുത്തനാചാരമാണ്. ആയതിനാൽ ജന്മദിനമാകുന്ന ബിദ്അത്ത് നാം തള്ളുക. കാരണം ബിദ്അത്ത് ചെയ്യുന്നവന്റെ പ്രവർത്തനങ്ങൾ ബിദ്അത്ത് ഉപേക്ഷിക്കുന്നത് വരെ അല്ലാഹു സ്വീകരിക്കുകയില്ല.

പ്രവാചക(സ)ന്റെ മദ്ഹ് പാടുകയാണെന്ന് പറഞ്ഞ് കൊണ്ട് മൗലീദ് പാരായണം ചെയ്യുന്നവർ പ്രവാചകൻ(സ) തന്റെ ഇരുപത്തിമൂന്ന് വർഷം വളരെയധികം കഷ്ടപ്പാടുകൾ സഹിച്ച് എന്തിന് വേണ്ടിയാണോ പരിശ്രമിച്ചത് അതിന് നേരെ വിപരീതമായ കാര്യങ്ങളാണ് ചെയ്ത് കൂട്ടുന്നത് എന്ന ദു:ഖകരമായ സംഗതിയാണ് നമുക്ക് ചുറ്റും കാണുവാൻ കഴിയുന്നത്. അതായത് പ്രവാചകനെ നേരിട്ട് വിളിച്ച് പ്രാർത്ഥിക്കുകയാണ്. ഒരു മുസ്ലിമിന് ജീവിതത്തിൽ ഒരിക്കലും ചൊല്ലുവാൻ പാടില്ലാത്ത ‘ഇർതകബ്തു...’ എന്ന് തുട

ങ്ങുന്ന മൗലീദിന്റെ വരികൾ വളരെ ഈണത്തിൽ പാടുകയും, പാടിപ്പിക്കുകയും ചെയ്യുന്നു. ഈ വരിയിൽ പ്രവാചകനോട് നേരിട്ട് പ്രാർത്ഥിക്കുകയാണ്. അതേ, ഇസ്ലാമിൽ നിന്ന് പുറത്ത് പോകുന്ന ശിർക്ക് കലർന്ന പാട്ടുകളും ബൈതുകളും കുത്തി നിറച്ച മൗലീദിന്റെ കിതാബുകൾ വായിക്കുകയും, വായിപ്പിക്കുകയും ചെയ്യുന്നു. പ്രവാചകനോ, പ്രവാചകനെ സ്വന്തം ജീവനേക്കാൾ സ്നേഹിച്ച സ്വഹാബികൾക്കോ ഈ മൗലൂദ് പരിചയമുണ്ടോ? ഒരിക്കലുമില്ല. തഴവ കുഞ്ഞി മുഹമ്മദ് മുസ്ലിയാർ തന്നെ പാടുന്നത്. 'മൗലിദ് കഴിക്കൽ മുമ്പ് പതിവില്ലാത്തതാ, അത് ഹിജ്റ മുന്നൂറിന്ന് ശേഷം വന്നതാ' എന്നാണ്. അതേ, ഹിജ്റ മുന്നൂറിന് ശേഷം വന്ന ഒരു കാര്യം നാം എങ്ങിനെ ഇസ്ലാമിന്റെ പേരിൽ ചെയ്യും, തീർന്നില്ല! മതത്തിൽ നിന്ന് തന്നെ പുറത്ത്പോകുന്ന ശിർക്ക് കലർന്ന വരികൾ പ്രവാചക സ്നേഹം എന്ന പേരിൽ നാം എങ്ങിനെ പറയും? പാടും? ഖുർആൻ പറയുന്നു:

(.. من يشرِك ِباللِهِ فَقَد حرم الله علَيهِ الْجنةَ ومأواه النار وما ِللظاِلِمِ ِمـن أنصاٍر) (ا ائدة:72 )

'അല്ലാഹുവോട് വല്ലവനും പങ്കുചേർക്കുന്ന പക്ഷം തീർച്ചയായും അല്ലാഹു അവന്ന് സ്വർഗം നിഷിദ്ധമാക്കുന്നതാണ്. നരകം അവന്റെ വാസസ്ഥലമായിരിക്കുകയും ചെയ്യും. അക്രമികൾക്ക് സഹായികളായി ആരും തന്നെയില്ല. എന്നാണ്' (മാഇദ:72).

ശിർക്ക് ചെയ്ത് മരിക്കുകയാണെങ്കിൽ അവൻ നരകത്തിൽ നിത്യവാസിയായിരിക്കുന്നതാണ്. അവനതിൽ നിന്ന് യാതൊരു മോചനവുമില്ല.

## സൽകർമ്മങ്ങൾ പ്രവർത്തിക്കുക:

പ്രവാചകൻ പഠിപ്പിച്ച കർമ്മങ്ങൾ ഇഖ്ലാസോടെ ചെയ്യുക, അത് മാത്രമെ നാളെ പരലോകത്ത് ഉപകാരപ്പെടുകയുള്ളു. അതല്ലാതെ നമുക്ക് നല്ലതാണെന്ന്

തോന്നുന്ന കാര്യങ്ങൾ ചെയ്താൽ അത് പുണ്യകർമ്മ മാവില്ല. ജന്മദിനവും, മൗലീദ് പാരായണവും പ്രവാചക ൻ(സ) ചെയ്തിട്ടില്ല, അത്കൊണ്ട് തന്നെ അത് സൽ കർമ്മമല്ല. നാളെ പരലോകത്ത് അത് യാതൊരു ഫലവും ചെയ്യില്ല, ഒരു പാഴ്വേല മാത്രമായിരിക്കും. അല്ലാഹു പറയുന്നു:

(هلْ ننبئُكُم ِبالأخسرِين أعمالاً * الذِين ضل سعيهم ِفي الْحياةِ الدنيا وهـم يحسبونَ أنهم يحسِنونَ صنعا) (الكهف:103- 104)

'(നബിയേ,) പറയുക: കർമ്മങ്ങൾ ഏറ്റവും നഷ്ടകര മായി തീർന്നവരെ സംബന്ധിച്ച് നാം നിങ്ങൾക്ക് പറ ഞ്ഞു തരട്ടെയോ? ഐഹിക ജീവിതത്തിലെ തങ്ങളുടെ പ്രയത്നം പിഴച്ചുപോയവരത്രെ അവർ. അവർ വിചാരി ക്കുന്നതാകട്ടെ തങ്ങൾ നല്ല പ്രവർത്തനം നടത്തിക്കൊ ണ്ടിരിക്കുന്നു എന്നാണ്' (അൽകഹ്ഫ്: 103 –104).

ആയതിനാൽ നാം ഇഖ്ലാസോടെ പ്രവാചകൻ (സ) പഠിപ്പിച്ച കാര്യങ്ങൾ മാത്രം ചെയ്യുക, അത് കൊ ണ്ട് മാത്രമെ പരലോകത്ത് നമുക്ക് ഉപകാരമുണ്ടാവുക യുള്ളൂ. പ്രവാചക ജന്മദിനം തിരുമേനി(സ) പഠിപ്പിച്ച സൽകർമ്മങ്ങളിൽ പെട്ടതല്ല, മറിച്ച് ഇസ്ലാമിന്റെ ശത്രു ക്കൾ ഇസ്ലാമിനെയും, അതിന്റെ കൃത്യതയെയും നശി പ്പിക്കുവാൻ വേണ്ടി മന:പൂർവ്വം ഇസ്ലാമിൽ കടത്തി ക്കൂട്ടിയതാണ്. അത്കൊണ്ട് നാം അത് തീർത്തും ഉപേ ക്ഷിക്കുക. അല്ലാഹു നമ്മെ കാത്ത് രക്ഷിക്കുമാറാവട്ടെ. ആമീൻ.

وصلى ا وسلم على خ خلقه نبينا مد وآله وصحبه أ ﻊ

****************

islamhouse.com